"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: P6-28758/2024/PrHQ ; തീയതി : 16-10-2024

ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻസ് പരിശോധിക്കുന്നതിനായി ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി കൊണ്ടുള്ള 13/09/2024 ലെ സ.ഉ.(കൈ) നം. 4/2024/POWER നം സർക്കാർ ഉത്തരവ് അറിവിലേയ്ക്കും തുടർനടപടികൾക്കുമായി ഉള്ളടക്കം ചെയ്യുന്നു.

വിനോദ് കുമാർ എം കെ
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: **എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും**
പകർപ്പ് : പി1/പി3/പി5

By Fax message

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ്, 2023-ലെ റെഗുലേഷൻ 6-ൽ നിഷ്കർഷിക്കുന്ന പ്രകാരം ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻസ് പരിശോധിക്കുന്നതിനായി ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഊർജ്ജ (എ) വകുപ്പ്

സ.ഉ.(കൈ) നം.4/2024/POWER തീയതി,തിരുവനന്തപുരം, 13-09-2024

---

പരാമർശം:-

1. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ്, 2023.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 09.09.2024-ലെ സി.ഇ.ഐ/14401/2020-ബി2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ്, 2023-ലെ റെഗുലേഷൻ 6- ൽ നിഷ്കർഷിക്കുന്ന പ്രകാരം ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻസ് പരിശോധിക്കുന്നതിനായി ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർമാരെ നിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് പരാമർശം 2 പ്രകാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ആക്ട് 2003 ലെ സെക്ഷൻ 180(2) (ഒ)യും, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ), റെഗുലേഷൻസ് 2023 ലെ റെഗുലേഷൻ 6 ഉം അനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ ഉടമസ്ഥർ / ഉപഭോക്താക്കൾ / സപ്ലയർ എന്നിവർക്ക് സെൽഫ് സർട്ടിഫിക്കേഷൻ നടത്തുന്നതിന് വേണ്ട സാങ്കേതിക സഹായം നൽകുന്നതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് കീഴിൽ ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർമാരുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉടൻ തന്നെ പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREETHY C S

ജോയിന്റ് സെക്രട്ടറി

ധനകാര്യവും നിയമവും ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ സർക്കാർ വകുപ്പ് / സ്ഥാപന മേധാവികൾക്കും
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Rajeev. P
Date: 13-09-2024 14:54:21
സെക്ഷൻ ഓഫീസർ